# നാട്യശാസ്ത്ര തിരുവരങ്ങിൽ ഇനി വീരൻതെയ്യമായി കാവാലം.....

ഡോ. സഞ്ജീവൻ അഴീക്കോട്

## നാന്ദി

നാല്പത്തിനാല് വർഷങ്ങൾക്ക് മുമ്പാണ് കാവാലം നാരായണപ്പണിക്കർ സാറിനെ ആദ്യമായി കണ്ടത്. അഴീക്കോട് മൊളോളം ശിവക്ഷേത്ര നടയിലെ 'ടെമ്പിൾ വ്യു' എന്ന വീട്ടിലായിരുന്നു അന്ന് ഞങ്ങളുടെ വാസം. എന്റെ വന്ദ്യപിതാവും ഫോക്‌ലോർ ഗവേഷകനുമായിരുന്ന സി.എം.എസ്. ചന്തേരയെ കാണാനാണ് അദ്ദേഹം എത്തിയത്.

ഞങ്ങൾ കുട്ടികൾ അമ്പലനടയിൽ കളിച്ചു കൊണ്ടിരിക്കെ ഒരു കാർ വന്നുനിന്നു. എന്റെ വീട്ടിനെ ലക്ഷ്യം വെച്ച് ആ കാറിൽ നിന്നിറങ്ങിയ ആൾ ധൃതിയിൽ നടന്നുനീങ്ങുകയാണ്. നീണ്ടുമെലിഞ്ഞ ദീർഘകായൻ. നീണ്ട മൂക്കും വീതിയുള്ള നെറ്റിത്തടവും. ജുബ്ബയാണ് വേഷം. ഏതോ കഥകളി കലാകാരനായിരിക്കാമെന്നാണ് വിചാരിച്ചത്. ഞാൻ കളി നിർത്തി വീട്ടിലേക്കോടിക്കയറി. തെളിഞ്ഞ ചിരിയുമായി അദ്ദേഹം എന്നെ വാരിയെടുത്തു. പിന്നെ പുറത്ത് തലോടി. തത്താ... തിത്തിതൈ... എന്ന് ചൊല്ലി താളം പിടിച്ചു രസിപ്പിച്ചു. അച്ഛനുമായി മണിക്കൂറുകളോളം സംസാരിക്കുന്നതാണ് പിന്നെ കണ്ടത്. തോറ്റവും പാട്ടും താളവും അവിടെ മുഖരിതമായി. ഇതൊക്കെ കണ്ട് ഞാൻ അന്തംവിട്ടുനിന്നു. അടുക്കളയിലോക്കോടി. ആരാണമ്മേ വന്നിരിക്കുന്നതെന്നു ചോദിച്ചു. അതാണ് മോനേ കാവാലം നാരായണപ്പണിക്കർ. വലിയ കവിയും കലാകാരനുമാണ്.

'കാവാലം' എന്ന മൂന്നക്ഷരം എന്റെ കുഞ്ഞു മനസ്സിൽ അന്നേ സ്ഥാനം പിടിച്ചു. ഗുരുവായൂരമ്പല നടയിൽ വെച്ച് ഓടക്കുഴൽ തന്ന മഹാകവി പി. കുഞ്ഞിരാമൻ നായരും മൊളോളം ക്ഷേത്രനടയിൽ നിന്ന് എന്നെ വാരിയെടുത്ത് പുറത്ത് താളം കൊട്ടിയ കാവാലം സാറും ഭാരതീയ സംസ്കാരത്തെ അഗാധമായി സ്നേഹിക്കുകയും പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്ത ഋഷിവര്യന്മാരായിരുന്നുവെന്നത് പിൽക്കാലത്ത് ഞാൻ തിരിച്ചറിയുകയായിരുന്നു.

തെയ്യത്തെ കുറിച്ച് ആദ്യമായി മലയാളത്തിൽ സമഗ്രപഠനം നടത്തി അച്ഛൻ പ്രസിദ്ധീകരിച്ച 'കളിയാട്ടം'(1967) എന്ന ഗ്രന്ഥത്തെ ആധാരമാക്കി ചില ചർച്ചകൾക്കാണ് കാവാലം അന്ന് വീട്ടിലെത്തിയതെന്ന് പിൽക്കാലത്ത് അറിഞ്ഞു. കോലത്ത് നാട്ടിലെ തെയ്യക്കാവുകൾ തേടിയുള്ള യാത്രയിൽ കാവാലം തന്റെ പൈതൃകവും കണ്ടെത്തി. കാസർഗോഡ്, കൊടക്കാട്, വെള്ളച്ചാലിലെ 'പുതിയില്ലം' സാറിന്റെ അപ്പൂപ്പന്റെ തറവാടാണെന്ന കാര്യം ഇത്തരുണത്തിൽ ഓർക്കട്ടെ. തനത് നാടകങ്ങളിലും കവിതകളിലും സിനിമയിലും കാവാലം ഉത്തരകേരളത്തിലെ തെയ്യംകഥകളെ, കലാശങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു. അത് തോറ്റമായും പാട്ടായും ദൃശ്യമായും രംഗഭാഷ്യമായും വിവിധരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

പിന്നെ ഞാൻ തലശ്ശേരി ബ്രണ്ണൻ കോളേജിൽ എത്തിയപ്പോഴാണ് സാറിന്റെ തനതു നാടക പ്രസ്ഥാനത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ അവസരമുണ്ടായത്. തെയ്യത്തിന്റെ സാമൂഹിക പ്രസക്തിയെക്കുറിച്ചുള്ള എന്റെ ഗവേഷണ പ്രബന്ധം പുസ്തകമാക്കിയപ്പോൾ കാവാലം സാർ അവതാരിക എഴുതണമെന്ന് നിശ്ചയിച്ചു. അച്ഛൻ വഴി ഇക്കാര്യം സാറിനെ അറിയിച്ചു. തിരുവനന്തപുരത്തെ സോപാനത്തിൽ പോയി കണ്ടു. ചന്തേരയുടെ മകനെ എന്റെ അവതാരിക വേണമോ? വേണം സാർ. ഒടുവിൽ എന്റെ നിർബന്ധത്തിന് വഴങ്ങിയ നാട്യാചാര്യൻ കൊടിയില എന്ന അവതാരിക തന്നപ്പോൾ ഇരുകൈയ്യും നീട്ടി ഞാൻ സ്വീകരിച്ചു. പിന്നെ പത്രപ്രവർത്തകനായപ്പോൾ സാറുമായി കൂടുതൽ അടുത്തിടപഴകാൻ സാധിച്ചു. എഴുപതും എൺപതും പിറന്നാളുകൾ ആഘോഷിച്ചപ്പോൾ അതിൽ സജീവമായി കോലത്ത് നാടിന്റെ പ്രതിനിധിയായി പങ്കെടുക്കാനും എഴുതാനും സാധിച്ചു. ഒരു ധനുമാസ തിരുവാതിരകാലത്ത് ഞാൻ സോപാനത്തിലെത്തി. ശിഷ്യരുടെ തിരുവാതിര ഒരുക്കം. ശാരദാമ്മയുടെ നേതൃത്വത്തിൽ ആചാരാനുഷ്ഠാനങ്ങൾ തകൃതി. വൈകുന്നേരം സാറും ശാരദാമ്മയും പൗത്രി കല്യാണിയും ചേർന്ന് എട്ടങ്ങാടിക്കായി കിഴങ്ങുവർഗ്ഗങ്ങൾ വാങ്ങാൻ തിരുമല പച്ചക്കറി മാർക്കറ്റിലേക്ക് പുറപ്പെട്ടപ്പോൾ ഞാനും കൂടെ പോയി. കാച്ചിലിന്റെയും കൂവയുടെയും ആയുർവ്വേദ മഹിമകൾ പറഞ്ഞുകൊണ്ടുള്ള രസകരമായ യാത്ര. ഹരിയേട്ടന്റെ മകൾ നാരായണിയുടെ കല്യാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഗൗരീശപട്ടം ശിവക്ഷേത്രത്തിൽ പ്രത്യേക പ്രാർത്ഥന നടത്താൻ സാറും കുടുംബവും പോയപ്പോൾ അതിൽ പങ്കാളിയാകാനും എനിക്കും ഭാഗ്യം ലഭിച്ചു. സാറായിരുന്നു കാറോടിച്ചിരുന്നത്. എൺപത് കഴിഞ്ഞ സാർ യുവാവിന്റെ ചുറുചുറുക്കോടെ വളയം പിടിച്ചത് എന്നിൽ കൗതുകമുണർത്തി. പിറകിലുള്ള കാർ മറികടക്കാൻ ശ്രമിച്ചു. 'അങ്ങനെ വിട്ടുകൂട അപ്പൂപ്പാ...' എന്ന് കല്യാണി. പിന്നെ കണ്ടത് പൗത്രിയുടെ യുവസഹജമായ പോരാട്ടവീര്യത്തിൽ സാറ് പങ്കാളിയാവുന്നതായിരുന്നു. ഉടനെ സ്പീഡ് കൂട്ടി. മറ്റേ കാറിനെ ഓവർടെയ്ക്ക് ചെയ്ത് മുന്നിലേക്ക്. വാശിയോടെയുള്ള കാറോട്ട പോരാട്ടം. വീണ്ടും മുന്നിലേക്ക് കയറാൻ എതിരാളി നോക്കുമ്പോൾ കാവാലം എന്ന തേരാളിയുടെ പോരാട്ടവീര്യം ഉച്ചസ്ഥായിയിലായി. അതിവേഗത്തിൽ കുരുക്ഷേത്രത്തിൽ തേര് തെളിച്ച

ശ്രീകൃഷ്ണനെ പോലെ അദ്ദേഹം പകർന്നാടുകയായിരുന്നു. സാഹിത്യകലാരംഗങ്ങളിൽ മാത്രമല്ല, ഡ്രൈവിങ്ങിലും തന്റേതായ ഒരു തനതുശൈലി കാവാലം സൃഷ്ടിച്ചെടുത്തു. ആ അതിവേഗം പക്ഷെ ആർക്കും ദ്രോഹം ചെയ്യാനായിരുന്നില്ല. തന്റെ കർമ്മ പൂർത്തീകരണത്തിനുള്ള ആവേശപോരാട്ടം മാത്രമായിരുന്നു. ഒരു പടവീരനെ പോലെ കർമ്മരംഗത്ത് തിളങ്ങി. എഴുത്തും ആട്ടവും പാട്ടും ചുവടും കലാശവും നിറഞ്ഞ ആ തനിമ പെട്ടെന്നവസാനിച്ചപോലെ... അന്ത്യയാത്ര ബന്ധുജനങ്ങളും ശിഷ്യരും സഹൃദയരും ചേർന്ന് ആഘോഷമാക്കുകയാണ് വേണ്ടതെന്ന് നാട്യശാസ്ത്ര കുലപതിക്ക് നിർബന്ധവും ഉണ്ടായിരുന്നു. യഥാർത്ഥ ഭാരതീയന്റെ കർമ്മജീവിതം ഇഹലോകത്ത് അവസാനിച്ച് പരലോകം പ്രാപിക്കുമ്പോൾ അത് മറ്റൊരു രംഗവേദിയിലേക്കുള്ള പിറവിയായി കരുതണമെന്നുള്ള സന്ദേശം. ജീവിതത്തിന്റെ അകപ്പൊരുൾ നാടകീയമായി ആഖ്യാനിച്ച് ഫലിപ്പിച്ച ആചാര്യന്റെ അന്ത്യയാത്രയും ദൈവനിശ്ചയപ്രകാരം നടന്നു. ഭാരതീയ ആധ്യാത്മിക തത്ത്വശാസ്ത്രത്തിന്റെ അകപ്പൊരുൾ കൊട്ടിപ്പാടിക്കൊണ്ടുള്ള യാത്രയയപ്പിൽ ഈയുള്ളവനും പങ്കാളിയായി. എന്റെ വന്ദ്യപിതാവിന്റെ സ്മരണാർത്ഥം സാറിന്റെ നിർദ്ദേശപ്രകാരം രൂപംകൊടുത്ത സംഘവഴക്കഗവേഷണപീഠത്തിന്റെ ആശായ്മ സ്ഥാനം വഹിച്ച കാവാലം ഗുരുനാഥന്റെ വാക്കുകൾ എന്റെ മനസ്സിൽ നിറഞ്ഞാടി.

തിരുവനന്തപുരം സോപാനം കളരിയിൽനിന്ന് കാവാലം പമ്പയാറിന്റെ തീരത്തെ ഹരിശ്രീമണ്ണിൽ ഭൗതികശരീരം അഗ്നിനാളങ്ങൾ ഏറ്റുവാങ്ങുംവരെയുള്ള ചടങ്ങുകളിൽ കൊട്ടും പാട്ടും സംഗീതവും നിറഞ്ഞുനിന്നു. നാരായണനാമജപവും കുരുന്നുകൂട്ടത്തിന്റെ പാട്ടും സോപാനസംഗീതവും എല്ലാം കണ്ടപ്പോൾ ഒരു മഹാക്ഷേത്രത്തിൽ നടക്കുന്ന ഉത്സവത്തിൽ ബലിക്കല്ലിന് മുന്നിൽ പ്രാർത്ഥിച്ചു നിൽക്കുന്ന ഭക്തർക്കൊപ്പമുള്ള പ്രതീതിയാണ് എനിക്കനുഭവപ്പെട്ടത്. ഈ ചടങ്ങിന്റെ ദാർശനിക പൊരുൾ നിർഭാഗ്യവശാൽ കേരളം ചർച്ചചെയ്യപ്പെടാതെ പോയി.

## സോപാനം

ഭാരതീയ നാട്യശാസ്ത്ര ശ്രീകോവിലിന്റെ സോപാനപ്പടിയ്ക്കൽ നിന്ന് കലയുടെയും സംഗീതത്തിന്റെ സൗന്ദര്യശാസ്ത്രം അന്വേഷിച്ചിറങ്ങിയ കാവാലം മനുഷ്യജീവിതത്തിലെ മർമ്മതാളം കണ്ടെത്തുകയായിരുന്നു. ഭാരതീയന്റെ ജീവതാളം പ്രപഞ്ചതാളമാണെന്നും അത് പഞ്ചഭൂതാത്മകമാണെന്നും അതുതന്നെയാണ് കലയിൽ പ്രതിഫലിക്കുന്നതെന്നും തിരിച്ചറിഞ്ഞു. മണ്ണിൽ പണിയെടുക്കുന്നവരുടെ പാട്ടും തേടി കേരളത്തിനകത്തും പുറത്തും ഭാരതത്തിലുടനീളം തന്നെ സഞ്ചരിച്ചു. 'ഫോക്'(സംഘം-കൂട്ടായ്മ) ആണ് ഭാരതീയ നാട്യശാസ്ത്രത്തിന്റെ അകപ്പൊരുൾ എന്ന ഉൾവിളിയുണ്ടായി. നിരീക്ഷണ പരീക്ഷണത്തിലൂടെ കവിതയും നാടകവും നാടൻപാട്ടും പിറന്നു. തനതുനാടകവും സംസ്കൃത നാടകങ്ങളുടെ പുനരാവിഷ്കാരവും മണ്ണിന്റെ താളത്തിലധിഷ്ഠിതമാക്കി. രംഗഭാഷയിൽ നാടോടിപാരമ്പര്യം വിളക്കിച്ചേർത്തു. കേരളമണ്ണിന്റെ നാടോടി കലാരൂപങ്ങൾക്ക് കാവാലം തിരുവരങ്ങിൽ പുനർജീവൻ വന്നു. കലകളുടെ ആത്മസത്തയെ സോപാന സംഗീതത്തിലൂടെ വ്യാഖ്യാനിച്ച് തത്ത്വം പാടിക്കൊണ്ട് അദ്വൈതദർശനത്തിൽ എത്തുകയായിരുന്നു. 'അതും ഞാനും രണ്ടല്ല; ഒന്നാണെന്ന തത്ത്വം'. തന്റെ കൃതികളിലൂടെ രംഗഭാഷയിലൂടെ ഈ ജീവിത തത്ത്വം പകർന്നാടി. അങ്ങനെയുള്ള തനിമ നിറഞ്ഞ കലാജീവിതത്തിന്റെ അന്ത്യയാമങ്ങളിൽ ഭാരതീയദർശനം തന്റെ യാത്രാമൊഴിയിൽ പ്രതിഫലിക്കണമെന്ന് നാട്യശാസ്ത്ര കുലപതിയായ കാവാലം കുടുംബാംഗങ്ങളോടും ശിഷ്യരോടും പറഞ്ഞിരുന്നു. സ്വാഭാവികമായ മരണം. കൃത്രിമ ശ്വാസോച്ഛ്വാസം നൽകരുത്. ഭാരതീയ ഋഷിവര്യൻമാർ ആഗ്രഹിച്ചതുപോലുള്ള സമാധി. ഭാഗവത തർജ്ജിമ കാവലത്തെ അത്തരമൊരു സമാധിയിലേക്ക് എത്തിച്ചു. എങ്കിലും ഇടയ്ക്കിടെ ആശുപത്രി ചികിത്സയ്ക്ക് അദ്ദേഹം വഴങ്ങിയിരുന്നു. പക്ഷെ ശരീരം ഉപേക്ഷിക്കേണ്ട സമയം അദ്ദേഹത്തിന് മുൻകൂട്ടി അറിയാമായിരുന്നതുപോലെയായിരുന്നു അവസാനഘട്ട പ്രവർത്തനങ്ങൾ. ആത്മകഥയുടെ രൂപരേഖ തയ്യാറാക്കി 1978 വരെയുള്ള കാര്യങ്ങൾ അടുക്കും ചിട്ടയോടെ പൂർത്തിയാക്കി ബാക്കി ഭാഗങ്ങളുടെ പോയന്റുകളും കുറിച്ചിട്ടു. ജൂൺ അവസാനവാരം ശാരീരികാസ്വാസ്ഥ്യം കൂടിവന്നു. ഇടയ്ക്കിടയ്ക്ക് ബോധം നഷ്ടപ്പെട്ട അവസ്ഥ. ആശുപത്രിയിൽനിന്ന് വീട്ടിലേക്ക് വന്നപ്പോഴൊരിക്കൽ ശ്വാസതടസത്തിന് ആധുനിക വൈദ്യസഹായം തേടുന്നതിൽ തെറ്റില്ലെന്ന് പേരമക്കളായ കല്യാണിയും നാരായണിയും പറഞ്ഞു. സ്നേഹമസൃണമായ അവരുടെ വാക്കുകളെ മറികടക്കാൻ കാവലത്തിന് ആയില്ല. ഒടുവിൽ അദ്ദേഹം അതിനൊരു സൂത്രപ്പണി കണ്ടെത്തി. നാട്യവിദ്യ. സഹധർമ്മിണി ശാരദാമണിയമ്മയും മകൻ കാവാലം ശ്രീകുമാറും നിർബന്ധത്തിന് വഴങ്ങേണ്ടിവന്നു. പക്ഷെ കല്യാണിയും നാരായണിയും കുറച്ചുകൂടി സ്വാതന്ത്ര്യമെടുത്ത് അപ്പൂപ്പനോട് തർക്കിച്ചു. കാവാലം നാട്യശാസ്ത്രം പുറത്തെടുത്തു. നവരസങ്ങൾ മിന്നിമറഞ്ഞ മുഖത്ത് രൗദ്രം പകർന്നാടി. വലംകൈ ചലിച്ചു. ഇടത്തെ കാൽ ഇളക്കി. ഇത് കണ്ടപ്പോൾ പേരമക്കൾ പിന്മാറി. അപ്പൂപ്പന്റെ ഇഷ്ടംപോലെയാവട്ടെ. ഉടൻതന്നെ മുഖം ശാന്തമായി. ഇതിനിടയിൽ ശിഷ്യഗണങ്ങൾ വന്നും പോയും കൊണ്ടിരുന്നു. ഇടയ്ക്കിടെ ബോധം മറിഞ്ഞും വന്നുംകൊണ്ടുള്ള അവസ്ഥ. സന്തത സഹചാരി കാവാലം ഗോപാലകൃഷ്ണനെത്തി. കൈകൾകൊണ്ട് മുദ്ര കാട്ടുകയും കാലുകൊണ്ട് കിടക്കയിൽ കലാശം ചവിട്ടുകയും ചെയ്യുന്ന ഗുരുഭൂതനെയാണ് അദ്ദേഹത്തിന് കാണാൻ കഴിഞ്ഞത്. വിളിച്ചു. യാതൊരു മറുപടിയുമില്ല. ഏതോ ലോകത്ത് തന്റെ നാടകം അവതരിപ്പിക്കുന്ന തിരക്കിലായിരുന്നു ഗുരുനാഥൻ.

പ്രിയശിഷ്യൻ നെടുമുടി വേണുവും സംഘവുമെത്തി. വിളിച്ചു. കാവാലം കണ്ണുതുറന്നു. പാട്ട് കേൾക്കേണമോ? വേണു ചോദിച്ചു. വേണമെന്ന് തല

കുലുക്കി. ഒടുവിലത്തെ ഞായറാഴ്ച (ജൂലൈ 26) പരിചരണസഹായി ആന്റണി പുറത്തേക്ക് പോയി. നാരായണിയും കല്യാണിയും അവരുടെ അമ്മയും ശ്രീകുമാറും ഭാര്യയും മക്കളും മറ്റു ബന്ധുജനങ്ങളും ആശങ്കയോടെ... ശാരദാമ്മ മേൽ കഴുതി ശുഭ്രവസ്ത്രം ധരിച്ച് സന്ധ്യവിളക്കുവെച്ചു. ഇതിനിടിയിൽ പതിഞ്ഞ സ്വരത്തിൽ താളാത്മകമായ ഒരു നീട്ടിവിളി കേട്ടു. "ശാ..രാ..മ..ണീ..."

'ദാ വന്നേൻ....' എന്നുപറഞ്ഞ് ശാരദാമ്മയും പുറകെ ശ്രീകുമാറും പുത്രപൗത്രിമാരടക്കമുള്ള ഉറ്റവരും മറ്റു ബന്ധുജനങ്ങളും ഓടിയെത്തി. "പൂരുട്ടാതി നക്ഷത്രത്തിൽ ഊരൂട്ടേ പാറിപ്പോയീ" എന്ന ചൊല്ല് അർത്ഥവത്തായി. ഉത്തരായനത്തിലെ മേടഅത്തത്തിൽ പിറവി. മറ്റൊരുത്തരായനത്തിൽ മിഥുനരാത്രിയിൽ വിണ്ണിലേക്ക്.

## രംഗഭാഷ്യം

ഭാസന്റെ സംസ്കൃത നാടകങ്ങളിൽ നായകന്മാരുടെ അന്ത്യരംഗം ചിത്രീകരിച്ചതിനെ അനുസ്മരിപ്പിക്കുന്ന രംഗഭാഷ്യമാണ് തിരുവനന്തപുരം സോപാനം കളരി മുതൽ കാവാലം തറവാട് വീടുവരെയുള്ള വിലാപയാത്രയിൽ പിന്നെ കണ്ടത്. സോപാനം, ചാലിൽ ജന്മഗൃഹം, ഹരിശ്രീ വീട്, പമ്പയാറിന്റെ തീരത്തെ സംസ്കാരഭൂമി ഇവിടങ്ങളിലായിരുന്നു ആ നാട്യാചാര്യന്റെ ജീവിതനാടകത്തിന്റെ അവസാനരംഗങ്ങൾ. ആടിപ്പാടാൻ എത്തിയത് പതിനായിരങ്ങൾ.

"എന്റെ മരണം ആഘോഷമാക്കണം. വിരഹദുഃഖം ആടിപ്പാടി നൃത്തം ചെയ്ത് ആനന്ദമാക്കുന്ന തമിഴ്നാട്ടിലെ മരണാനന്തര ചടങ്ങ് ഓർമ്മിപ്പിച്ച് കാവാലം ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. ഭാസനെ നിങ്ങൾ ശ്രദ്ധിക്കൂ, ദശരഥന്റെയും കർണ്ണന്റെയും ദുര്യോധനന്റെയും അന്ത്യരംഗം ഭാസൻ ചിത്രീകരിച്ചതും അതിന് താൻ രംഗഭാഷ്യം ഒരുക്കിയതും ചൂണ്ടിക്കാട്ടി അദ്ദേഹം ഒരിക്കൽ പറഞ്ഞിരുന്നു. ഇത് യാഥാർത്ഥ്യമാക്കുകയായിരുന്നു പ്രിയമകൻ കാവാലം ശ്രീകുമാറും സഹധർമ്മിണി ശാരദാമ്മയും ശിഷ്യരും ചെയ്തത്. ശ്രീകുമാറിന്റെ രാമായണം പാടൽ കേട്ട് അച്ഛനുറങ്ങി. സോപാനം ശിഷ്യർ നെടുമുടി വേണുവിന്റെ നേതൃത്വത്തിൽ ഗുരുനാഥന്റെ കൃതികൾ ആലപിച്ചു. സോപാനം ഗിരീഷ്, അനിൽകുമാർ പഴവീട്, മോഹിനി വിനയൻ, കാവാലം സജീവൻ തുടങ്ങി നിരവധി ശിഷ്യർ അണിനിരന്നു. കാവാലത്തെ തറവാട്ട് വീട്ടിൽ കുരുന്നുകൂട്ടമെത്തി. ദുഃഖം കടിച്ചമർത്തിയ കുട്ടികളുടെ പാട്ടും അന്തരീക്ഷത്തിലേക്ക്.... ചൊവ്വാഴ്ച ഉച്ചയ്ക്ക് രണ്ടുമണിയോടെ സോപാനം ശിഷ്യർ ഗുരുവന്ദനം നടത്തി. സമർപ്പിത മനസ്സോടെ വിലാപയാത്ര ഹരിശ്രീയിലേക്ക്.. നാട്യശാസ്ത്ര ആചാര്യനെ ഒരുനോക്ക് കാണുവാനും പ്രണാമം അർപ്പിക്കാനും ആബാലവൃദ്ധമെത്തി. ഹരിശ്രീപറമ്പിൽ സോപാനതത്ത്വം പാടുന്ന അതിപ്രധാന ചടങ്ങിലേക്ക് കൊല്ലം, കുണ്ടറ, പെരുമ്പുഴ, തൃക്കോയിക്കൽ വടക്കെ ഇല്ലത്തുനിന്നും എത്തിയ പ്രിയ ശിഷ്യ ആശാപ്രവീൺ ശർമ്മയ്ക്ക് സോപാനതത്ത്വം പാടാൻ അകത്തളത്തിൽ സൗകര്യമൊരുക്കിക്കൊണ്ട് പൗത്രി കല്യാണി ഇങ്ങനെ പറഞ്ഞു. "ഒറ്റയ്ക്ക് ഇടയ്ക്ക കൊട്ടി ആ കുട്ടി പാടണമെന്നത് അപ്പൂപ്പന്റെ ആഗ്രഹമായിരുന്നു. നിശബ്ദമായി എല്ലാവരും പ്രാർത്ഥനയോടെ തത്ത്വം പാടലിൽ പങ്കുചേരണം." അതെ, തത്ത്വംപാടി പഞ്ചഭൂതത്തിലേക്കുള്ള യാത്ര.

നിലവിളക്കിന് മുന്നിൽ ഇടയ്ക്കതാളം പിറന്നു. ഗുരു ചൊല്ലി പഠിപ്പിച്ച ശിഷ്യയുടെ പല്ലവി അന്തരീക്ഷത്തിലേക്ക്..

"തത്ത്വം അറിയാത്ത തത്ത്വം
തന്നെ താനറിയാത്ത തത്ത്വം
മനുജനിലമനിറയും മഹിത തത്ത്വം
ഇരുളിൽ അലകളൊഴിയും പരമതത്ത്വം
മാനേ, കസ്തൂരിമാനേ പൂന്തിങ്കൾ
പൂന്തിങ്കൾ കലമാനേ
പൂമാതിൻ മന്ദാക്ഷമേ
മേലേവിങ്ങിൽ താഴേമണ്ണിൽ
താണുപൊങ്ങി താളംതുള്ളും
മാനേ അകമേയൊളിയും
തനിമ തിരയും മാനേ...

(കസ്തൂരി...)

**ചരണം**
ജനിമുതൽ മൃതിവരെ
അകമലരിലൊളിയും
അനുഭവസുഖമയ രുചിഭരമധുരിമ
നറുമണമൊടുനെടുനെടനേ
തിരയുകിലും അലയുകിലും
തളരുകിലും അതിശയകരം
അകമിഴി തുറവറിയാതകലുകയോ
അകലുകയോ....
കാലപുരുഷനെയ്യും കൂർത്തശരം
തറഞ്ഞൊടുവിൽ നീ
അനന്തമായ് മണമായ് ഗുണമായ്
ഒലിയായ് നിറവായ് മറയുകയോ
മാനേ കസ്തൂരിമാനേ...."

## തത്ത്വം

നാഭിയിൽ കസ്തൂരിയുള്ളകാര്യം അറിയാതെ ജീവിക്കുന്ന കസ്തൂരിമാൻ. പക്ഷേ ഇവിടത്തെ കസ്തൂരിമാൻ തത്ത്വം അറിഞ്ഞ മാൻ ആണ്. പാട്ട് പാടുമ്പോൾ അകമേയൊളിയും തനിമ തിരയുന്ന മാനേ എന്നതിനു പകരം തനിമ നിറയും മാനേ എന്ന് ആശ അറിയാതെ ചൊല്ലിപ്പോയതും ദൈവനിശ്ചയം. കാവാലമാകുന്ന മാനിന് തന്റെ അകപ്പൊരുളാകും തനിമ അറിയാമായിരുന്നുവല്ലോ. കാവാലത്തെ തറവാട് ക്ഷേത്രത്തിൽ കളമെഴുത്തും പാട്ടും നടക്കുമ്പോൾ താലമെടുത്ത് മൂന്ന് പ്രദക്ഷിണം വെക്കാൻ (താലപ്പൊലി) കുടുംബങ്ങൾക്കൊപ്പം തന്നോട് നിർദ്ദേശിച്ചപ്പോൾ ഒരിക്കൽപോലും ഗുരുനാഥന്റെ അന്ത്യയാത്രയ്ക്ക് കൊട്ടിപ്പാടേണ്ടിവരുമെന്ന് ആശാപ്രവീൺ ശർമ്മ കരുതിയിരുന്നില്ല. കാവാലം രചിച്ച കസ്തൂരിമാനിന്റെ തത്ത്വം ജീവിത തത്ത്വമാക്കി കൊട്ടിപ്പാടണമെന്ന് നേരത്തെ ദൈവം നിശ്ചയിക്കപ്പെട്ടതാണ്. ആശ

ഒറ്റയ്ക്കിത് കൊട്ടിപ്പാടണമെന്ന് കാവാലം സാർ പറഞ്ഞിരുന്നു. അതിനുള്ള അവസരങ്ങൾ പല കാരണങ്ങളാൽ തടസ്സപ്പെട്ടുകൊണ്ടിരുന്നു. അത് ഒടുവിൽ അന്ത്യയാത്രാവേളയിലായത് ദൈവനിശ്ചയം.

ശ്വാസഗതിയുടെ തടസം നീക്കാൻ കൊടുക്കുന്ന ഒരു ആയുർവ്വേദ ഔഷധമാണ് കസ്തൂരി ഗുളിക. മാനിന്റെ നാഭിയിൽനിന്നെടുക്കുന്ന കസ്തൂരി ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്. തന്റെ അന്ത്യയാത്രയുടെ തടസം നീക്കാൻ താൻ തന്നെ നിർമ്മിച്ച വാഗർഥ സംഗീതഗുളിക അരച്ചുകലക്കിത്തരാൻ, പ്രിയശിഷ്യ എത്തണമെന്നത് വിധിയാണ്. ഇടയ്ക്ക ശാസ്ത്രീയമായി പഠിച്ചശേഷം സാറിന് മുന്നിൽ പാടാമെന്ന ചിന്തയാണ് ജീവിച്ചിരിക്കുമ്പോൾ സഫലമാകാതിരിക്കാൻ കാരണമായത്. കസ്തൂരിയുടെ തത്ത്വം ഇവിടെ സോപാനതത്ത്വമായി ഭാരതീയ ജീവിതദർശനമായി മാറുകയാണ്. ആ തത്ത്വം പാടൽ കേട്ടുകേട്ട് ആചാര്യൻ അകലേക്ക്... ഉറ്റവരുടെ അന്ത്യകർമ്മങ്ങൾക്കൊടുവിൽ ഭൗതികശരീരം ചിതയിലേക്കെടുക്കുകയായി – നെടുമുടി വേണുവിന്റെ നേതൃത്വത്തിലുള്ള ശിഷ്യർ ഭരതവാക്യം ചൊല്ലി.

## ഭരതവാക്യം

"ഇമാം സാഗരപര്യന്താം
ഹിമവദ് വിന്ധ്യകുണ്ഡലാം
മഹിമേകാത പത്രാങ്കാം
രാജസിഹഃ പ്രശാസ്തുനഃ"

ഈ പശ്ചാത്തലത്തിൽ ശ്രീകുമാറും ശേഷക്കാരും ചേർന്ന് ചിതകൊളുത്തിയപ്പോൾ പെട്ടെന്ന് എന്റെ മനസ്സിൽ കാവാലംസാർ വീരൻ തെയ്യത്തിന്റെ തോറ്റവേഷം കെട്ടി ഉറഞ്ഞാടുംപോലെ തോന്നി. അങ്ങനെ തോന്നാൻ കാരണമുണ്ട്. ഇടയ്ക്ക കൊട്ടിപ്പാട്ടും ഭരതവാക്യവും ചേർന്ന പശ്ചാത്തലം എന്നെ ഭാസന്റെ പ്രതിമാനാടകത്തിൽ ദശരഥന്റെ അന്ത്യയാത്ര കാവാലംസാർ ചിത്രീകരിച്ചതിലേക്കെത്തിച്ചു. "രാമാ, വൈദേഹീ, ലക്ഷ്മണാ... ഞാനിതാ ഇവിടെനിന്ന് പിതൃക്കളുടെ അരികിലേക്ക് പോകുന്നു – എന്നു പറഞ്ഞ് മോഹാലസ്യപ്പെട്ട് വീഴുന്നതായി ഭാസൻ ചിത്രീകരിച്ച രംഗത്തെ കാവാലം നാട്യധർമ്മി വഴി മാറ്റിയെടുത്തു. അജൻ, ദിലീപൻ, രഘു എന്നീ പിതൃക്കൾ ദേവലോകത്തുനിന്നും തെയ്യമായി ദശരഥനെ കൂട്ടിക്കൊണ്ടുപോകാൻ വരുന്ന രംഗഭാഷ്യം. ഇവർ ഇറങ്ങിവന്ന് ദശരഥന് ചുറ്റും വർത്തുളനൃത്തം ചവിട്ടി. മിഴാവിൽ മുഴങ്ങിയ പ്രത്യേക താളം അന്തരീക്ഷത്തെ ഇളക്കിമറിച്ചു. താളം മുറുകുമ്പോൾ മൂന്ന് തെയ്യങ്ങൾക്കൊപ്പം അതാ രംഗത്ത് നാലാമതൊരു തെയ്യം.... ദശരഥനെ പിന്നിലാക്കി ആ നാലാമത്തെ തെയ്യരൂപം പ്രത്യക്ഷപ്പെട്ടു. അതായത് ദശരഥനെ തെയ്യമാക്കി കൂടെ കൂട്ടി രഘുവംശപിതാക്കൾ പോകുന്ന അതിമനോഹരമായ രംഗഭാഷ്യം. പത്ത് മിനുട്ടുകൊണ്ടാണ് കാവാലം ഇത് ചിത്രീകരിച്ചത്. അക്കാര്യം എന്റെ മനസ്സിൽ മിന്നിമറഞ്ഞു. നാടകത്തിന്റെ മിഴാവിന്റെ പങ്ക് അന്ത്യയാത്രാചടങ്ങിൽ ഇടയ്ക്കയായെന്ന വ്യത്യാസം മാത്രം. രാമച്ചക്കിടക്കയിൽ കിടത്തി കരിമണ്ണിൽ പൊതിഞ്ഞ ഭൗതികശരീരത്തെ അഗ്നിനാളങ്ങൾ ഏറ്റുവാങ്ങിയപ്പോൾ പമ്പയാറിന്റെ ചിറ്റോളങ്ങളിൽ തട്ടിയ കാറ്റേറ്റ് ഒരു രൂപം ഉയിർത്തെഴുന്നേറ്റു. കതിവന്നൂർ വീരൻ തെയ്യത്തിന്റെ തോറ്റവേഷം പോലെ.
"കാനകപ്പെണ്ണേ ചെമ്മരത്തി" യെന്നു പാടിക്കൊണ്ട്.... മണ്ണിൽ ജനിച്ച് മണ്ണിലേക്ക് മടങ്ങുമ്പോൾ മറ്റൊരു ലോകത്തിലേക്കുള്ള പുതുജീവിതത്തിന്റെ തുടക്കമാണതെന്നും അത് ആനന്ദത്തോടെ കാണണമെന്നും ഞാനും നീയും രണ്ടല്ല; ഒന്നാണെന്നും ഉള്ള തത്ത്വം ഭാരതീയ നാട്യശാസ്ത്ര ദർശനത്തിലൂടെ സ്വജീവിതം കൊണ്ട് തെളിയിച്ച ഭരതമുനിയുടെ തിരുഅവതാരമായിരുന്നു കാവാലം.

അസാധാരണ വ്യക്തിപ്രാഭവമുള്ളവർ മൃതിയടഞ്ഞാൽ അവരെ ദൈവക്കരുവാക്കി ഉയർത്തി തെയ്യമായി ആരാധിക്കുന്ന വടക്കൻ കേരള മണ്ണിന്റെ പാരമ്പര്യത്തെ ഭാരതീയ നാട്യശാസ്ത്ര ദർശന വഴക്കമാക്കി മാറ്റുകയാണ് തന്റെ കർമ്മപഥത്തിലൂടെ കാവാലം കാഴ്ചവെച്ചത്.

നാട്യശാസ്ത്രത്തിന്റെ തിരുവരങ്ങിൽ തോറ്റം പാട്ട് ഉയർന്നു. കാവാലം തെയ്യമായി പകർന്നാടുകയാണ്.

വരിക..വരിക .. വരിക...

പൊലിക.. പൊലിക.. പൊലിക..!

ഡോ. സഞ്ജീവൻ അഴീക്കോട്
04972774241, 9447113410
sanjeevanazhikode@gmail.com

ഡോ. സഞ്ജീവൻ അഴീക്കോട്
വരപ്രസാദം, അഴീക്കോട്
കണ്ണൂർ – 670009
sanjeevanazhikode@gmail.com
04972774241, 9447113410